## കിഴുവിലം പഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങൾ

കല്യാണിക്കവിള ലക്ഷംവീട്
കടുവാക്കരക്കുന്ന്
കാട്ടിക്കുന്ന് ലക്ഷംവീട്
കാട്ടുംപുറം
പുലിയൂർക്കോണം
പറയത്തുകോണം ലക്ഷംവീട്
പോളയിൽ
പണ്ടിവാരം
പാറക്കാട്
കുറക്കട അംബേദ്ക്കർ കോളനി
നൈനാംകോണം ലക്ഷംവീട്
പമ്മംകോട്
തെന്നൂർക്കോണം ലക്ഷംവീട്
കോട്ടൂക്കോണം ലക്ഷംവീട്
കാട്ടുംപുറം (മൂർത്തിനട)
ആറ്റുവരമ്പിൽതിട്ട
അപ്പോളോ കോളനി
ചരുവിളകോളനി
കുന്നിൽകോളനി
പുളിത്തറകോളനി
പനയറവിളാകം ലക്ഷംവീട്
അടീക്കലം കോളനി
വലിയേല

## ജാഗ്രതസമിതി

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യനിഷേധം, അവകാശലംഘനം എന്നിവയിൽ പരാതി സ്വീകരിക്കാനും ഇടപെട്ട് പരിഹരിക്കാനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹിക സൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വച്ചുകൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാസമിതികൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വനിതാകമ്മീഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ജാഗ്രതസമിതികളുടെ പ്രവർത്തനം സ.ഉ.എം.എസ്. നം 31/07/ സ.ക്ഷേ.വ ഉത്തരവിൻ പ്രകാരം വളരെ ഗൗരവത്തിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയയാണ്. പ്രവർത്തനത്തിന് കരുത്തുപകരുന്നതിനുവേണ്ടി താഴെ തലം മുതൽ വനിതാകമ്മീഷൻ തലം വരെയും സാമൂഹിക ക്ഷേമവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, എന്നിവയുടെ കൃത്യമായ മോണിറ്ററിംഗും തുടർപ്രവർത്തനങ്ങളെ സഹായിക്കുന്നു.

കിഴുവിലം ഗ്രാമപഞ്ചാത്തിന്റെ 21 വാർഡുകളിലും ജാഗ്രാതാസമിതികൾ രൂപീകരിച്ചു പ്രവർത്തനം നടത്തിവരുന്നു. പഞ്ചായത്തുതല ജാഗ്രതസമിതി പ്രവർത്തനങ്ങളെ സഹായിക്കാനായി വിവധ മേഖലകളിലുള്ളവരെ ചേർത്ത് സഹായസമിതിയും നിയമസഹായം നൽകാനായി വക്കീലന്മാരെ ചേർത്ത് നിയമസഹായസംവിധാനവും ഉണ്ട്.കൂടാതെ ജാഗ്രതാസമിതി പ്രവർത്തനം ഓരോ വനിതയുടെയും അടുത്ത് എത്തിക്കാനും അവരെ സംബന്ധിക്കുന്ന വിഷയങ്ങൾ ജാഗ്രതാസമിതിയിലെത്തിക്കാനും സഹായിക്കുന്ന തരത്തിൽ വാർഡുതല ജാഗ്രതസമിതി പ്രവർത്തിക്കുന്നു. 9 അംഗങ്ങൾ അടങ്ങിയ പഞ്ചായത്തു തല ജാഗ്രതാസമിതിയുടെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കൺവീനർ ഐ.സി.ഡി.എസ് സൂപ്പർവൈസറും ആണ്. പോലീസ് സബ് /സർക്കിൾ ഇൻസ്പെക്ടർ, വനിതാപഞ്ചായത്തംഗം, വനിതാ വക്കീൽ, പട്ടികജാതി/പട്ടികവർഗ വിഭാഗം സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളാണ്.

## ഗ്രാമപഞ്ചായത്ത് സംഘടനാ സംവിധാനം



# കിഴുവിലം ഗ്രാമപഞ്ചായത്ത് ഓഫീസ് ഉദ്യോഗസ്ഥ സംവിധാനം

ടെലിഫോൺ നമ്പർ 0470 2640342

| | |
|---|---|
| സെക്രട്ടറി | 1 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| അക്കൗണ്ടന്റ് | 1 |
| സീനിയർ ക്ലാർക്ക് | 3 |
| ക്ലാർക്ക് | 4 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| ഫുൾടൈം സ്വീപ്പർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ഡ്രൈവർ | 1 |
| MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ | 1 |
| MGNREGS അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| MGNREGS ഓവർസിയർ | 2 |
| ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| സാക്ഷരതാ പ്രേരക് | 1 |
| പ്രൊജക്റ്റ് അസിസ്റ്റന്റ് | 1 |

## ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

| തസ്തിക | എണ്ണം | ഫോൺ നമ്പർ |
|---|---|---|
| 1. **എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം കിഴുവിലം** | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | |
| ഓവർസിയർ | 2 | |
| ക്ലാർക്ക് | 1 | |
| 2. **കൃഷിഭവൻ കിഴുവിലം** | | |
| കൃഷി ഓഫീസർ | 1 | |
| കൃഷി അസിസ്റ്റന്റ് ഗ്രേഡ് - 2 | 3 | |
| പാർട്ട് ടൈം സ്വീപ്പർ | 1 | |
| 3. **പ്രാഥമികാരോഗ്യകേന്ദ്രം** | | |
| മെഡിക്കൽ ഓഫീസർ | 1 | |
| ഹെൽത്ത് ഇൻസ്പെക്ടർ (വർക്കിംഗ് അറേഞ്ച്മെന്റ്) | 1 | |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ (വർക്കിംഗ് അറേഞ്ച്മെന്റ്) | 1 | |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (വർക്കിംഗ് അറേഞ്ച്മെന്റ്) | 3 | |
| ഫാർമസിസ്റ്റ് | 1 | |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (വർക്കിംഗ് അറേഞ്ച്മെന്റ്) | 3 | |
| സ്റ്റാഫ് നഴ്സ് | 1 | |
| ക്ലാർക്ക് | 1 | |
| പാർട്ട് ടൈം സ്വീപ്പർ | 1 | |
| ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേഡ് - 2) | 1 | |
| പാലിയേറ്റീവ് പരിചരണ നഴ്സ് (താത്കാലികം) | 1 | |
| **പി.എച്ച്. സബ് സെന്ററുകൾ** | 4 | |
| 4. **വെറ്ററിനറി ഡിസ്പെൻസറി കിഴുവിലം** | | |
| സീനിയർ വെറ്ററിനറി സർജൻ | 1 | |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 1 | |
| അറ്റൻഡന്റ് | 1 | |
| പാർട്ട് ടൈം സ്വീപ്പർ | 1 | |
| മെസഞ്ചർ | 1 | |
| **വെറ്റിനറി സബ്സെന്റർ പറയത്തുകോണം** | | |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 1 | |
| പാർട്ട് ടൈം സ്വീപ്പർ (ദിവസവേതനം) | 1 | |
| **വെറ്റിനറി സബ്സെന്റർ പടനിലം** | | |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 1 | |
| പാർട്ട് ടൈം സ്വീപ്പർ | 1 | |
| 5. **ഗവ: ആയുർവ്വേദ ഡിസ്പെൻസറി കിഴുവിലം** | | |
| ചീഫ് മെഡിക്കൽ ഓഫീസർ | 1 | |
| മെഡിക്കൽ ഓഫീസർ | 2 | |
| ഫാർമസിസ്റ്റ് | 1 | |
| അറ്റൻഡർ | 1 | |
| നഴ്സിംഗ് അസിസ്റ്റന്റ് | 3 | |
| നഴ്സ് | 3 | |
| സാനിറ്റേഷൻ വർക്കർ | 1 | |
| കുക്ക് | 1 | |
| 6. **ഗവ. ഹോമിയോ ഡിസ്പെൻസറി കിഴുവിലം** | | |
| മെഡിക്കൽ ഓഫീസർ | 1 | |
| ഫാർമസിസ്റ്റ് (ഗ്രേഡ് - 1) | 1 | |
| ഓഫീസ് അറ്റൻഡന്റ് | 1 | |
| കാഷ്വൽ സ്വീപ്പർ | 1 | |

7. **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് (2)**

| | |
|---|---|
| വി.ഇ.ഒ -I സർക്കിൾ കിഴുവിലം (വാർഡുകൾ 1 മുതൽ 5 വരെയും 16 മുതൽ 20 വരെയും) | 1 |
| 2. വി.ഇ.ഒ II സർക്കിൾ (വാർഡുകൾ 6 മുതൽ 15 വരെ) | 1 |

8. **സാമൂഹ്യക്ഷേമ വകുപ്പ്**

| | |
|---|---|
| അംഗൻവാടികൾ | 30 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 1 |
| അംഗനവാടി വർക്കർമാർ | 30 |
| അംഗനവാടി ഹെൽപർമാർ | 30 |

9. **വിദ്യാഭ്യാസ വകുപ്പ്**

| | |
|---|---|
| **ഗവ.എൽ.പി.എസ് കുന്തള്ളൂർ** | |
| ഹെഡ്മിസ്ട്രസ് | 1 |
| എൽ.പി.എസ്.എ. | 3 |
| അറബിക് ടീച്ചർ | 1 |
| പാർട് ടൈം സ്വീപ്പർ | 1 |
| പ്രീ പ്രൈമറി ടീച്ചർ | 1 |
| ആയ | 1 |
| **എൽ.പി.എസ് അണ്ടൂർ** | |
| ഹെഡ്മിസ്ട്രസ് | 1 |
| എൽ.പി.എസ്.എ. | 3 |
| പാർട് ടൈം സ്വീപ്പർ | 1 |
| പ്രീ പ്രൈമറി ടീച്ചർ | 1 |
| ആയ | 1 |
| **ഗവ: യു.പി.എസ്. കിഴുവിലം** | |
| ഹെഡ്മിസ്ട്രസ് | 1 |
| യു.പി.എസ്.എ. | 2 |
| എൽ.പി.എസ്.എ. | 4 |
| അറബിക് ടീച്ചർ | 1 |
| സംസ്കൃതം ടീച്ചർ | 1 |
| പാർട്ട് ടൈം ഹിന്ദി ടീച്ചർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| നഴ്സറി ടീച്ചർ | 1 |
| ആയ | 1 |
| **ഗവ: യു.പി.എസ്. മുടപുരം** | |
| ഹെഡ്മിസ്ട്രസ് | 1 |
| യു.പി.എസ്.എ. | 2 |
| എൽ.പി.എസ്.എ. | 4 |
| പാർട്ട് ടൈം ടീച്ചർ | 1 |
| പാർട് ടൈം സ്വീപ്പർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പ്രീ പ്രൈമറി ടീച്ചർ | 1 |
| ആയ | 1 |
| **എസ്.വി.യു.പി.എസ്. പുരവൂർ** | |
| ഹെഡ്മിസ്ട്രസ് | 1 |
| യു.പി.എസ്.എ. | 2 |
| എൽ.പി.എസ്.എ | 4 |
| ജൂനിയർ ടീച്ചർ | 1 |
| പ്രീമൈറി ടീച്ചർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ആയ | 1 |
| **ജി.വി.ആർ.എം. യു.പി.എസ്. കാട്ടുംപുറം** | |
| ഹെഡ്മിസ്ട്രസ് | 1 |
| യു.പി.എസ്.എ. | 2 |
| എൽ.പി.എസ്.എ | 4 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

# ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ

(116-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം

## (എ) അനിവാര്യ ചുമതലകൾ

1. കെട്ടിടനിർമാണം നിയന്ത്രിക്കുക
2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക
3. പരമ്പരാഗത കുടിവെള്ള സ്രോതസുകൾ സംരക്ഷിക്കുക
4. കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക.
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക.
   ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.
7. പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക
8. പരിസ്ഥിതി ആരോഗ്യ രക്ഷകമാക്കി സംരക്ഷിക്കുക.
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം എളുപ്പത്തിൽ കേടുവരുന്ന
    മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില്പനമുതലായവ നിയന്ത്രിക്കുക.
12. ഭക്ഷണശാലകളെ നിയന്ത്രിക്കുക
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക
14. റോഡുകളും മറ്റ് പൊതു മുതലുകളും സംരക്ഷിക്കുക.
15. തെരുവ് വിളക്കുകൾ, കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും
    സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി ആവിഷ്ക്കരിക്കുക.
18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക
19. അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്ററർ ചെയ്യുക.
21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക
23. വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക
24. യാത്രക്കാർക്ക് വെയിറ്റിംഗ് ഷെഡുകൾ നിർമിക്കുക
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തു നായകൾക്ക് ലൈസൻസ് നൽകുക.

## (ബി) പൊതുവായ ചുമതലകൾ

1. അവശ്യസ്ഥിതി വിവരകണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയുംചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ
   ഭാഗഭാഗാക്കുകയും ചെയ്യുക
3. മിതവ്യയം ശീലിക്കുന്നതിന് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം സ്ത്രീകളെയും കുട്ടികളെയും
   പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.

5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക
6. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തനപരിപാടികൾക്ക് പ്രേരണ നൽകുകയും ചെയ്യുക.
8. സഹകരണമേഖല വികസിപ്പിച്ചെടുക്കുക
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക
10. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പെടെയുള്ള പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവസമാഹരണം നടത്തുക.
11. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമബോധവൽക്കരണം പ്രചരിപ്പിക്കുക.
12. സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചാരണം നടത്തുക.
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയസംഘങ്ങളും രൂപീകരിക്കുക.
14. പൗരധർമത്തെപ്പറ്റി ബോധവൽക്കരണം നടത്തുക

## സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

### I കൃഷി

1. തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷിചെയ്യിപ്പിക്കുക
2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക
3. മണ്ണ് സംരക്ഷണം
4. ജൈവവള ഉൽപാദനം
5. തവാരണങ്ങൾ സ്ഥാപിക്കുക
6. സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക
8. ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക.
9. കാലിത്തീറ്റ വിള വികസനം
10. സസ്യസംരക്ഷണം
11. വിത്തുത്പാദനം
12. കൃഷിയിടങ്ങളുടെ യന്ത്രവത്ക്കരണം
13. കൃഷിഭവനുകളുടെ നടത്തിപ്പ്

### II. മൃഗസംരക്ഷണവും ക്ഷീരോത്പാദനവും

1. കന്നുകാലി വികസനപരിപാടികൾ
2. ക്ഷീരോത്പാദനം
3. കോഴി, തേനീച്ച, ആട്, മുയൽ, പന്നി ഇവ വളർത്തുക
4. മൃഗാശുപത്രികൾ നടത്തുക
5. ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ നടത്തുക
6. മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യപരിപാടികൾ
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക
8. പ്രത്യുത്പാദനക്ഷമതാ വികസനപരിപാടികൾ നടപ്പാക്കുക.
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക.

### III ചെറുകിട ജലസേചനം

1. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജലസേചനപദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക
2. എല്ലാ സൂക്ഷ്മ ജലസേചനപദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക
3. ജലസംരക്ഷണം പ്രാവർത്തികമാക്കുക

## IV മത്സ്യബന്ധനം

1. കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിന്റെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക.
2. മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനവും വിതരണവും വികസിപ്പിക്കുക.
3. മീൻ പിടിത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക
4. മത്സ്യവിപണനത്തിനുള്ള സഹായം നൽകുക.
5. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാനസൗകര്യങ്ങൾ നൽകുക
6. മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക.

## V സാമൂഹ്യ വനവൽക്കരണം

1. കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉല്പാദിപ്പിക്കുക
2. വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.
3. പാഴ് ഭൂമിയെ വനവൽക്കരിക്കുക.

## VI ചെറുകിട വ്യവസായങ്ങൾ

1. കുടിൽ ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
2. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക.

## VII ഭവനനിർമാണം

1. ഭവനരഹിതരെയും പുറമ്പോക്ക് നിവാസികളെയും കണ്ടെത്തി ഭവനനിർമാണത്തിനായി ഭൂമിയും ഭവനങ്ങളും നൽകുക.
2. ഗ്രാമീണ ഭവനനിർമാണ പദ്ധതികൾ നടപ്പാക്കുക
3. അഭയ കേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക

## VIII ജലവിതരണം

1. ഒരു ഗ്രാമപഞ്ചായത്തിനുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്
2. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക

## IX വിദ്യുച്ഛക്തിയും ഊർജവും

1. നിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകും ചെയ്യുക
2. ജൈവവാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക

## X വിദ്യാഭ്യാസം

1. സർക്കാർ പ്രി-പ്രൈമറി, പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ്
2. സാക്ഷരതാ പരിപാടികൾ നടപ്പിലാക്കുക.
3. വായനാശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും

## XI പൊതുമരാമത്ത്

1. ഒരു ഗ്രാമപഞ്ചായത്തിനുള്ള ഗ്രാമീണ റോഡുകൾ നിർമിക്കുകയും പരിപാലിക്കുകയും ചെയ്യുക

2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള കെട്ടിട നിർമാണം നടത്തുക

## XII പൊതുജനാരോഗ്യവും ശുചീകരണവും

1. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം) ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ നടത്തുക
2. മാതൃ ശിശു ക്ഷേമ കേന്ദ്രങ്ങൾ നടത്തുക
3. രോഗവിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക
4. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക
5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക

## XIII സാമൂഹ്യക്ഷേമം

1. അങ്കണവാടികൾ നടത്തുക
2. അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കുമുള്ള പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
3. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയുംചെയ്യുക
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക
5. ദരിദ്രവിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക

## XIV ദാരിദ്ര്യ നിർമാർജ്ജനം

1. ദരിദ്രരെ കണ്ടെത്തുക
2. പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പാക്കുക
3. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്കരീതിയിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.

## XV പട്ടികജാതി -പട്ടികവർഗ വികസനം

1. പട്ടികജാതി പട്ടികവർഗ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.
2. പട്ടികജാതി പട്ടികവർഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക
3. പട്ടികജാതി പട്ടികവർഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക
4. പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക
5. പട്ടികജാതി പട്ടികവർഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക.

## XVI കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും

1. കളിസ്ഥലങ്ങൾ നിർമിക്കുക
2. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ

## XVII പൊതുവിതരണ സമ്പ്രദായം

1. പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക
2. അളവ് തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചരണം സംഘടിപ്പിക്കുക
3. റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകുളുടെയും മറ്റ്

പൊതുവിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടവും മാർഗനിർദേശവും ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

## XVIII പ്രകൃതി ക്ഷോഭ ദുരിതാശ്വാസം

1. ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക
2. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പണികൾ നടത്തുക. ആസ്തികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്ന ജോലി അതാതു പഞ്ചായത്തുകൾ നിർവഹിക്കേണ്ടതാണ്.

## XIX സഹകരണം

1. ഗ്രാമപഞ്ചായത്ത് അതിർത്തികൾക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക
2. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

## XX മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തികവർഷം 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2005 സെപ്തംബർ മാസം 5-ാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു.

## XXI ലഹരി പദാർത്ഥങ്ങളുടെ വില്പന നിരോധനം

ലഹരി പദാർത്ഥങ്ങളുടെ അമിത ഉപയോഗം പല മാരക അസുഖങ്ങൾക്കും കാരണമാകുന്ന സാഹചര്യ ത്തിൽ പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വില്പനഈ പഞ്ചായത്ത് ഈ പ്രദേശത്ത് നിരോധിച്ചു.